**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4518** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ മുഖേന അനുവദിക്കുന്ന വിദ്യാഭ്യാസ വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സഹകരണ ബാങ്കുകൾ മുഖാന്തരം അനുവദിച്ച വിദ്യാഭ്യാസ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കേരള ബാങ്ക് ശാഖകൾ മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിദ്യാഭ്യാസ വായ്പകൾ ഒന്നും അനുവദിച്ചിട്ടില്ല. |
| (ബി) | സഹകരണ ബാങ്കുകൾ മുഖാന്തരം വിദ്യാഭ്യാസ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകൾ വഴിയും മറ്റ് സഹകരണ സ്ഥാപനങ്ങൾ വഴിയും വിദ്യാഭ്യാസ വായ്പ ലഭിക്കുവാനായി അതത് ശാഖാ മാനേജർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അഡ്മിഷൻ ലഭിച്ചതിന്റെ രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്. ടി രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും പരിശോധിച്ചതിന് ശേഷം ശാഖാ മാനേജർ വായ്പ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. കേരള ബാങ്കുവഴി ഇന്ത്യയിലെ പഠനത്തിന് പരമാവധി 10 ലക്ഷം രൂപയും, വിദേശ പഠനത്തിന് വായ്പയായി പരമാവധി 20 ലക്ഷം രൂപ വരെയും അനുവദിക്കുന്നുണ്ട്. കൂടാതെ ASAP (Additional Skill Acquisition Programme) ആയി സഹകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുവാനും കേരള ബാങ്ക് വായ്പ അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ